بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ①

# ജുമുഅഃ ഖുത്ബ സംഗ്രഹം 19.01.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)**

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ഉഹുദ് യുദ്ധസംഭവവികാസങ്ങൾ

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

ഉഹുദ് യുദ്ധത്തെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. ഇതു സംബന്ധിച്ച് കൂറേകൂടി കാര്യങ്ങൾ പറയുന്നതാണ്. ഞാൻ പറഞ്ഞുവന്നതുപോലെ ശത്രുക്കൾ നബി(സ) ശഹീദായെന്ന് വിളംബരപ്പെടുത്തുകയുണ്ടായി. നബി(സ) ശഹീദായെന്ന വാർത്ത ശത്രുക്കൾ പ്രചരിപ്പിച്ചത് മുസ്‌ലിംകൾ കേട്ടപ്പോൾ അവരുടെ അവസ്ഥ എന്തായിരുന്നു. ഇതിന്റെ വിശദീകരണങ്ങളിൽ പറയുന്നു: ഇബ്നു ഖമിഅഃ താൻ നബി(സ)നെ ശഹീദാക്കിയെന്ന് കരുതിക്കൊണ്ട് വിളിച്ചു പറഞ്ഞു: മുഹമ്മദ്(സ)നെ ശഹീദാക്കിയിരിക്കുന്നു. വിളിച്ചുപറഞ്ഞത് ശൈത്വാനാണെന്നും പറയപ്പെടുന്നു. ഏതായാലും ആരാണ് വിളംബരപ്പെടുത്തിയത് എന്നത് സംബന്ധിച്ച് പല നിവേദനങ്ങളുമുണ്ട്. പലരും വിളംബരപ്പെടുത്തിയിട്ടുമുണ്ടാകാം. സാത്താനിക പ്രകൃതമുള്ള ആരും ഇങ്ങനെ വിളംബരം ചെയ്യാവുന്നതുമാണ്.

(പ്രക്ഷുബ്ദമായ ഈ അവസ്ഥയെപ്പറ്റി) ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു, ആ സമയത്ത് മുസ്‌ലിംകൾ മൂന്ന് വിഭാഗങ്ങളായി പിരിഞ്ഞിട്ടുണ്ടായിരുന്നു. ഒരു കൂട്ടർ നബി(സ) വഫാത്തായി എന്ന വാർത്ത കേട്ട് യുദ്ധമൈതാനത്ത് നിന്ന് ഓടിപ്പോയിരുന്നു. (വളരെ കുറച്ച് ആയിരുന്ന) ഇവരിൽ ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാനും ഉണ്ടായിരുന്നു. എന്നാൽ വിശുദ്ധ ഖുർആനിൽ പറഞ്ഞതുപോലെ ആ സമയത്തെ പ്രത്യേക സാഹചര്യവും അവരുടെ ഹൃദയാത്മനായുള്ള വിശ്വാസവും ആത്മാർത്ഥതയും കണക്കിലെടുത്തുകൊണ്ട് അല്ലാഹു അവർക്ക് മാപ്പാക്കിക്കൊടുക്കുകയുണ്ടായി. അവരിൽ പലരും മദീനവരെയെത്തി. അങ്ങനെ മദീനയിൽ നബി(സ) ശഹാദത്ത് വരിച്ചുവെന്ന കല്പിത കഥയും ഇസ്‌ലാമിക സൈന്യം പരാജയപ്പെട്ടുവെന്ന വാർത്തയും എത്തി. അതേ തുടർന്ന് നാട്ടിലാകെ അസ്വസ്ഥത പടർന്നു. മുസ്‌ലിം പുരുഷന്മാരും സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും അസ്വസ്ഥഭരിതരായി ഉഹുദിലേക്ക് പുറപ്പെട്ടു. ചിലർ അതിവേഗം ഓടി യുദ്ധ മൈതാനത്തിൽ എത്തി. അല്ലാഹുവിന്റെ നാമം ഉരുവിട്ടുകൊണ്ട് ശത്രുക്കൾക്കിടയിലേക്ക് തള്ളിക്കയറി. ഇനിയൊരു വിഭാഗത്തിൽ ഉള്ളവർ (ഓടിപ്പോയില്ലെങ്കിൽ തന്നെയും) നബി(സ)യുടെ ശഹാദത്ത് വാർത്ത കേട്ടപ്പോൾ (ധൈര്യം ചോർന്നു) ഇനി യുദ്ധം ചെയ്യുന്നത് വ്യർത്ഥമാണെന്ന് കരുതി. അതുകൊണ്ട് അവർ യുദ്ധമൈതാനത്തുനിന്ന് മാറി തല താഴ്ത്തിയിരുന്നു.

മൂന്നാമത്തെ വിഭാഗം തുടർച്ചയായി യുദ്ധം ചെയ്തുകൊണ്ടിരുന്നു. അവരിൽ കുറച്ചുപേർ നബി(സ)യുടെ ചുറ്റിലും കൂടിയവരായിരുന്നു. അവർ അനിതരസാധാരണമായ നിലയിൽ ജീവത്യാഗത്തിന്റെ നൈപുണ്യം പ്രകടിപ്പിക്കുകയായിരുന്നു. അധികംപേരും രണാങ്കണത്തിൽ ചിതറിപ്പിരിഞ്ഞ് പൊരുതുകയായിരുന്നു. ഇവർക്കും രണ്ടാമത് പറഞ്ഞ വിഭാഗത്തിനും നബി(സ) ജീവനോടെ ഉണ്ടെന്ന കാര്യം അറിഞ്ഞുകൊണ്ടിരുന്നതിനനുസരിച്ച് ഉന്മാദരെപ്പോലെ പൊരുതിക്കൊണ്ട് തിരുനബി(സ)യുടെ ചുറ്റിലും വന്ന് കൂടി. ആ സമയത്തെ യുദ്ധാവസ്ഥ, ഖുറൈശികളുടെ സൈന്യം സമുദ്രത്തിലെ ഭയാനകമായ തിരകൾ കണക്കെ നാല് ഭാഗത്ത്നിന്നും അലയടിച്ചുവരികയായിരുന്നു. യുദ്ധമൈതാനത്ത് നാല് ഭാഗത്ത്നിന്നും അമ്പുകളുടെയും കല്ലുകളുടേയും വർഷപാതമായിരുന്നു. ജീവത്യാഗ സന്നദ്ധരായ സ്വഹാബാക്കൾ പ്രസ്തുത ഭായനകമായ അവസ്ഥ കണ്ടപ്പോൾ നബി(സ)യുടെ ചുറ്റിലും വലയം തീർത്ത് തിരുനബി(സ)യുടെ പരിശുദ്ധ മേനിയെ തങ്ങളുടെ ശരീരം കൊണ്ട് മറച്ചു പിടിച്ചു. എന്നിട്ടും ചില സമയത്ത് അക്രമണം ശക്തമായി നടന്നതുകൊണ്ട് ഈ ഏതാനും പേരെ അങ്ങോട്ടും ഇങ്ങോട്ടും തള്ളി മാറ്റിയിരുന്നു.

അത്തരം വേളകളിൽ ചിലപ്പോൾ നബി(സ) ഒറ്റപ്പെട്ടു പോയിരുന്നു. അത്തരമൊരു സന്ദർഭത്തിലാണ് ഹദ്റത്ത് സഅദ് ബിൻ അബീ വഖാസിന്റെ മുശ്‌രികായിരുന്ന സഹോദരൻ ഉത്ബ ബിൻ അബീവഖാസ് എറിഞ്ഞ ആ കല്ല് നബി(സ)യുടെ പരിശുദ്ധ മുഖത്ത് പതിച്ചത്. അതുകൊണ്ട് നബി(സ)യുടെ ഒരു പല്ല് പൊട്ടുകയും ചുണ്ടിൽ മുറിവുണ്ടാകുകയും ചെയ്തു. അബ്ദുല്ലാഹ് ബിൻ ശിഹാബ് എറിഞ്ഞ കല്ല് തിരുനബി(സ)യുടെ നെറ്റിത്തടത്തിൽ മുറിവുണ്ടാക്കി. കുറച്ചു സമയത്തിനകം മൂന്നാമത്തെ കല്ല് ഇബ്നു ഖമിഅഃ എറിയുകയും അത് നബി(സ)യുടെ പരിശുദ്ധ കവിളിൽ പതിക്കുകയും ചെയ്തു. അതുകാരണം നബി(സ)യുടെ പടത്തൊപ്പിയുടെ രണ്ട് ആണികൾ നബി(സ)യുടെ കവിളിൽ ആഞ്ഞു കയറി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ദുആ സ്വീകാര്യതയുടെ തത്വം വിവരിക്കുന്നുണ്ട്. ഇത് വിവരിച്ചുകൊണ്ട് ഒരു നീണ്ട വിവരണത്തിൽ അദ്ദേഹം ഉഹദ് സംഭവവും പരാമർശിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: നബി(സ)യെ പിടികൂടാൻ ഇറാൻ രാജാവ് ആഗ്രഹിച്ചിരുന്നു. അയാൾ പിടികൂടാൻ എത്തിയിരുന്നില്ല; സന്ദേശവുമായി യമനിലെ ഗവർണർ എത്തിയിരുന്നതേയുള്ളു. അല്ലാഹു ആ രാജാവിന്റെ മകന്റെ ഉള്ളിൽ ചലനമുണ്ടാക്കുകയും അയാൾ തന്റെ പിതാവിനെ വധിക്കുകയും ചെയ്തു. എന്നാൽ ഉഹദ് യുദ്ധത്തിൽ ശത്രുക്കൾ നബി(സ)നെ അക്രമിച്ചു; കല്ലെറിഞ്ഞു; നബി(സ)യുടെ പല്ല് പൊട്ടുകയും തലയിൽ പരിക്കേൽക്കുകയും ചെയ്തു. പടത്തൊപ്പിയുടെ ആണികൾ തലയിൽ തറച്ചു കയറി. നബി(സ) മോഹാലസ്യപ്പെട്ടു വീഴുകയും ചെയ്തു. സ്വഹാബാക്കൾ നബി(സ) ശഹീദായെന്ന് വരെ കരുതി. അല്ലാഹു നബി(സ)യുടെ അന്തസ്സ് അംഗീകരിച്ചുകൊണ്ട് നബി(സ)ക്ക്‌വേണ്ടി ഇറാനിലെ രാജാവിനെ വളരെ ദൂരെയായിരുന്നുവെങ്കിലും കൊല്ലുകയുണ്ടായി. എന്നിരിക്കെ ഉഹദ് യുദ്ധത്തിൽ എന്തുകൊണ്ടാണ് ശത്രുക്കൾക്ക് ഇങ്ങനെ കല്ലെറിയാൻ അവസരം കൈവന്നത് എന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ ആ ആരോപണം ശരിയല്ല. ഇത് അല്ലാഹുവിന്റെ ഇംഗിതവും യുക്തിയുമാണ്. ഇത് ആ രഹസ്യമാകുന്നു. ചിലപ്പോൾ എന്തെങ്കിലും ചെറിയ കാര്യത്തിന് പിടിക്കപ്പെടുന്നതാണ്. ചിലപ്പോൾ എന്തെങ്കിലും ഇംഗിതം കാരണം സാവകാശം നൽകുന്നു. അല്ലെങ്കിൽ മനുഷ്യന്റെ നിസ്സഹായതയും ഒന്നുമില്ലായ്മയും വെളിപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നു.

ഏതായാലും ചരിത്രം തുടരുകയാണ്. വധിച്ചുവെന്ന കിംവദന്തിക്ക്ശേഷം നബി(സ) പെട്ടെന്ന് സ്വഹാബാക്കൾക്ക് പ്രത്യക്ഷപ്പെട്ടു. അതിന്റെ വിശദീകരണത്തിൽ എഴുതുന്നു. ഹദ്റത്ത് അബൂ ഉബൈദയാണ് ആ സമയത്ത് ഏറ്റവും ആദ്യം നബി(സ) ജീവനോടെ ഇരിപ്പുണ്ടെന്ന് തിരിച്ചറിഞ്ഞത്. അബൂ ഉബൈദ പറയുന്നു: ഞാൻ നബി(സ)ന്റെ കണ്ണുകൾ കണ്ടപ്പോഴാണ് തിരിച്ചറിഞ്ഞത് അത് പടത്തൊപ്പിയുടെ അടിയിലൂടെ പ്രകാശപൂരിതമായി കാണപ്പെടുന്നുണ്ടായിരുന്നു. മുസ്‌ലിംകൾക്ക് അറിയിപ്പ് കിട്ടുന്നതനുസരിച്ച് അവരെല്ലാം നബി(സ)യുടെ അടുക്കലേക്ക് കുതിച്ചുകൊണ്ടിരുന്നു. മുസ്‌ലിംകൾ നബി(സ)യെ കാണുകയും തിരിച്ചറിയുകയും ചെയ്തപ്പോൾ അവർ ഈയ്യാം പാറ്റകളെപോലെ നബി(സ)യുടെ ചുറ്റിലും ഒരുമിച്ചുകൂടി. ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു, ഖുറൈശികൾ അൽപം പിന്മാറുകയും യുദ്ധമൈതാനത്തുണ്ടായിരുന്ന സ്വഹാബത്ത് നബി(സ)യെ തിരിച്ചറിഞ്ഞ് ഒത്തുകൂടുകയും ചെയ്തപ്പോൾ നബി(സ) അവരെയെല്ലാവരെയും കൂട്ടി മലയിലേക്ക് നീങ്ങി അവിടെ ഒരു സുരക്ഷിതമായ മലയിടുക്കിൽ എത്തി. വഴിയിൽ, മക്കയിലെ ഒരു പ്രമാണിയായ ഉബയ്യ് ബിൻ ഖൽഫ്ന്റെ ദൃഷ്ടി നബിയിൽ പതിച്ചു. വിദ്വേഷം കൊണ്ട് അന്ധനായി, നജൗത്തു ഇൻ നജാ അഥവാ മുഹമ്മദ് രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ ഇനി ഞാൻ രക്ഷപ്പെടില്ല എന്ന് ഉറക്കെ വിളിച്ചുകൊണ്ട് നബി(സ)ന്റെ അടുത്തേക്ക് ഓടി. സ്വഹാബികൾ അയാളെ തടയാൻ ആഗ്രഹിച്ചു; പക്ഷേ നബി(സ) പറഞ്ഞു. അയാളെ വിട്ടിട്ട് എന്റെ അടുത്തേക്ക് വരാൻ അനുവദിക്കുക. പിന്നെ അവിടുത്തെ ആക്രമിക്കുക എന്ന ഉദ്ദേശത്തോടെ അയാൾ അടുത്ത് വന്നപ്പോൾ അയാൾക്ക് നേരെ അമ്പെയ്തു. അതിൽ അയാൾ നിലത്ത് ഉരുണ്ടുവീണു, എന്നിട്ട് എഴുന്നേറ്റു നിലവിളിച്ച് തിരിച്ചു ഓടി. പ്രത്യക്ഷത്തിൽ സാരമായി മുറിവേറ്റിരുന്നില്ല എങ്കിലും മക്കയിൽ എത്തുന്നതിന് മുമ്പ് അയാൾ മരിച്ചു.

തിരുനബി(സ) മലയിടുക്കിൽ എത്തിയപ്പോൾ ഖാലിദ് ബിൻ വലീദിന്റെ നേതൃത്വത്തിൽ ഒരു കൂട്ടം ഖുറൈശികൾ മല കയറി ആക്രമിക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ തിരുനബി(സ)ന്റെ കൽപ്പന പ്രകാരം ഹദ്റത്ത് ഉമർ ഏതാനും മുഹാജിരീങ്ങളുമായി ചെന്ന് അവരെ നേരിട്ടു പരാജയപ്പെടുത്തി. ഒരു നിവേദനത്തിൽ വരുന്നു, നബി(സ) പാറയുടെ മുകളിലേക്ക് പോകാനുദ്ദേശിച്ചപ്പോൾ, തലയിലെ മുറിവിൽനിന്നും രക്തം വന്ന് തളർച്ച കാരണം അവിടുത്തേക്ക് ശക്തി ഉണ്ടായിരുന്നില്ല.

ഇത് കണ്ട ഹദ്റത്ത് ത്വൽഹ ബിൻ ഉബൈദുള്ള തിരുനബി(സ)യെ തോളിൽ കയറ്റി മുകളിലേക്ക് എത്തിച്ചു. അതേ സമയം തന്നെ അവർക്ക് സ്വർഗം നിർബന്ധമായിത്തീർന്നുവെന്ന് നബി(സ) പറഞ്ഞു. ഹദ്റത്ത് ആഇശ(റ) പറയുന്നു: ഹദ്റത്ത് അബൂബക്കർ ഉഹ്ദ് ദിനത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ, അന്നത്തെ ദിവസം മുഴുവൻ ത്വൽഹയുടെതായിരുന്നു എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു.

ഉഹ്ദ് യുദ്ധത്തിൽ തിരുനബി(സ)നുണ്ടായ മുറിവുകളെ സംബന്ധിച്ച് ബുഖാരി ഉദ്ധരിക്കുന്നു, ഹദ്റത്ത് ഫാത്വിമ മുറിവുകൾ കഴുകുകയും ഹദ്റത്ത് അലി പാത്രത്തിൽനിന്ന് വെള്ളം ഒഴിക്കുകയും ചെയ്തു. വെള്ളം ഒഴിക്കുമ്പോൾ കൂടുതൽ രക്തം വരുന്നത് കണ്ട ഹദ്റത്ത് ഫാത്തിമ ഒരു ചാക്കുതുണി കത്തിച്ച് അതിൽ കെട്ടിയതോടെ രക്തസ്രാവം നിലച്ചു. തിരുനബി(സ) പറഞ്ഞു: തങ്ങളുടെ പ്രവാചകനെ മുറിവേൽപ്പിക്കുകയും അല്ലാഹുവിലേക്ക് വിളിക്കുന്നതിനിടയിൽ അയാളുടെ മുൻനിരയിലെ പല്ല് പൊട്ടിക്കുകയും ചെയ്ത ഒരു ജനത എങ്ങനെ വിജയിക്കാനാണ്? ഇൻശാ അല്ലാഹ്, ബാക്കി ഇനിയും തുടരുന്നതാണ്.

ഫലസ്തീനുവേണ്ടി ദുആക്ക് ഉണർത്തിക്കൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ഞാൻ ഫലസ്തീനിനായി ദുആക്ക് ഞാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഫലസ്തീനെ രക്ഷിക്കാൻ ഒന്നിച്ചുനിന്ന് വേവലാതിപ്പെടുന്നതിനുപകരം മുസ്‌ലിംകൾ തന്നെ പരസ്പരം പോരടിക്കുന്ന അവസ്ഥയായി ഇപ്പോൾ മുസ്‌ലിം രാജ്യങ്ങൾ മാറിയിരിക്കുകയാണ്. പകിസ്ഥാനും ഇറാനുമിടയിൽ അസ്വസ്ഥതകൾ ഉണ്ടായെന്നും പരസ്പരം അവർ ബോംബുകൾ വർഷിക്കുന്നു എന്നും കേൾക്കുന്നു. അതിനാൽ വളരേ അപകടകരമായ സാഹചര്യം ഉയർന്നുവരികയാണ്. ഈ മുസ്‌ലിം രാജ്യങ്ങൾക്കും നേതാക്കൾക്കും അല്ലാഹു ബുദ്ധിയും വിവേകവും നൽകട്ടെ. അവർക്കുവേണ്ടിയും പ്രാർത്ഥിക്കുക. അല്ലാഹു അവരുടെ ഉദ്ദേശലക്ഷ്യം മനസ്സിലാക്കി ഐക്യദാർഢ്യമുള്ള ഒരു ഉമ്മത്താകാൻ അവസരം നൽകട്ടെ.

ഖുത്ബയുടെ അവസാനത്തിൽ, ഹുസൂർ തിരുമനസ്സ് പറഞ്ഞു: നമസ്കാരത്തിനുശേഷം, ഞാൻ രണ്ട് ജനാസ നമസ്കരിപ്പിക്കുന്നതാണ്. ഒന്ന് സയ്യിദ് ദാവൂദ് മുസഫർ ശാ സാഹിബിന്റെ മകൻ സയ്യിദ് മൗലൂദ് അഹ്മദ് സാഹിബ്. അദ്ദേഹം എന്റെ ബന്ധുവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെയും സയ്യിദഃ ഉമ്മു താഹിർ സാഹിബയുടേയും ചെറുമകനും എന്റെ ഇളയുമ്മയുടെ മകനും ഭാര്യയുടെ ജ്യേഷ്ഠനുമാണ്.

രണ്ടാമത്തെ ജനാസ ബുർക്കിനാ ഫാസോയിലെ ഡോറി റീജിയണിലെ മഹ്ദിയാബാദ് ജമാഅത്തിന്റെ പ്രസിഡന്റ് ആഗ്മീദ് അഗ് മുഹമ്മദ് സാഹിബ്. അല്ലാഹു അവർക്ക് മഗ്ഫിറത്തും കരുണയും നൽകട്ടെ. അവരുടെ മക്കൾക്കും ബന്ധുക്കൾക്കും ക്ഷമയും ധൈര്യവും നൽകട്ടെ, അവരുടെ നന്മകൾ തുടരാൻ അവർക്ക് സൗഭാഗ്യം നൽകട്ടെ.

---

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ
عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ
یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَ نَشْھَدُ اَنْ لَّا
اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ
اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی
عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ
اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 19.01.2024
Malayalam Translation & layout: **Moulavi T. Jamshad Mukkam**
Typing: M.P Abdul Latheef Puthoormadam For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516